(ബി) ഈ സാമ്പത്തിക വർഷം ഈ പരിപാടിക്കു വേണ്ടി നീക്കി വച്ചിട്ടുള്ള തുക എത്ര ;

എത്ര വിദ്യാർത്ഥികൾക്കു ഈ വർഷം വായ്പകൾ നൽകിയിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) വ്യവസ്ഥകളുടെ പുരോഗതി അനുബന്ധമായി ചേർത്തിട്ടുണ്ടു്. *

(ബി) ഒരു ലക്ഷം രൂപാ.

(സി) ആകെ നൽകിക്കഴിഞ്ഞിട്ടില്ല. ഈ വർഷത്തെ വായ്പകൾ ഉടൻതന്നെ നൽകുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടു്.

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് വർക്ഷോപ്പിലെ തൊഴിലാളികൾ

* 52. [24] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു ട്രാൻസ്പോർട്ട പാപ്പനംകോട്ട വർക്കുഷാപ്പിലെ തൊഴിലാളികൾ 1963 നവംബർമാസത്തെ ശമ്പളം ബഹിഷ്ക്കരിക്കയും, തുടർന്നു് സത്യഗ്രഹസമരം നടത്തുകയും ചെയ്തവിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായോ ?

(ബി) തൊഴിലാളികളുടെ അവകാശം അംഗീകരിച്ചുകൊടുക്കുവാൻ കാലതാമസം വരുത്തുവാനുണ്ടായ കാരണമെന്തു് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ടു്.

(ബി) യാതൊരു അവകാശവും നിഷേധിക്കുകയുണ്ടായില്ല. അതിനാൽ അവകാശം അംഗീകരിച്ചുകൊടുക്കുന്ന പ്രശ്നം ഉദിച്ചതുമില്ല.

പാസ്പോർട്ടു്

* 53. [25] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയ്ക്കു പുറമേ സഞ്ചരിക്കുന്നതിനുള്ള പാസ്പോർട്ട ലഭിക്കുന്നതിനു് കേരളത്തിലുള്ളവർ ഏതാഫീസിക്കു് എവിടെ അപേക്ഷിക്കണം ;

(ബി) അത്തരം ഒരു ആഫീസിനെ കേരളത്തിൽ നിയമിക്കപ്പെടുന്നതിനോ കേരളത്തിലെ ഒരുദ്യോഗസ്ഥനെ അതിലേയ്ക്കു് നിയോഗിക്കപ്പെടുന്നതിനോ ഗവണ്മെൻറു വല്ല ശ്രമവും നടത്തിയിട്ടുണ്ടോ ;

(സി) അത്തരം ഒരുദ്യോഗസ്ഥൻ കേരളത്തിൽ ഇല്ലാത്തതുകൊണ്ടു വളരെയധികം ക്ലേശങ്ങൾ ഉണ്ടാകുന്നുവെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഇൻഡ്യാ—പാകിസ്ഥാൻ പാസ്പോർട്ട ഒഴിച്ചുള്ള മറ്റു പാസ്പോർട്ടുകൾ എല്ലാം മദ്രാസിലുള്ള റീജിയണൽ പാസ്പോർട്ട ആഫീസറാണു് നൽകുന്നതു്. അപേക്ഷകൾ അതാതു ഡിസ്ട്രിക്റ്റു കളക്ടർമാർവഴി സമർപ്പിച്ചാൽ മതിയാവുന്നതാണു്.

(ബി) ഇല്ല.

(സി) ഇല്ല.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly